പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 6505 | 08.11. 2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**<u>സംസ്ഥാന മെൻറൽ ഹെൽത്ത് അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ**<br>**,, എ.പി. അനിൽ കുമാർ**<br>**,, കെ.മുരളീധരൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാന മെൻറൽ ഹെൽത്ത് അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | എ) | 1987-ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ മെന്റൽ ഹെൽത്ത് ആക്ടിന്റെ 4-ാം അനുച്ഛേദം അനുസരിച്ചാണ് 1993 നവംബർ 1-ന് കേരളസ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി രൂപീകൃതമായിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലുമാണ് ടി അതോറിറ്റി പ്രവർത്തിക്കുന്നത്.<br><u>ഈ അതോറിറ്റിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.</u><br>(1) സംസ്ഥാനസർക്കാരിന്റെ കീഴിലുള്ള മാനസികാരോഗ്യ സേവനങ്ങളുടെയും ടി ആക്ട് പ്രകാരം സംസ്ഥാന സർക്കാരിനെ സംബന്ധിക്കുന്ന മറ്റ് കാര്യങ്ങളുടെയും മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് അതോറിറ്റികളുടെയും ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങളുടെ ക്രമീകരണവും വികസനവും ഏകോപനവും മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു.<br>(2) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സൈക്യാട്രിക് ഹോസ്പിറ്റലുകളുടെയും സൈക്യാട്രിക് നെഴ്സിംഗ് ഹോമുകളുടെയും മറ്റു മാനസികാരോഗ്യ സേവന കേന്ദ്രങ്ങളുടെയും (മാനസികാരോഗ്യ നിരീക്ഷണ വാർഡുകൾ, |

| | | | |
|---|---|---|---|
| | | | പകൽവീടുകൾ, ജനറൽ ആശുപത്രിയിലെ മനോ രോഗ ചികിത്സാ വിഭാഗം, സഞ്ചരിക്കുന്ന മനോ രോഗ ചികിത്സാ സൗകര്യങ്ങൾ, മനോരോഗ പുന രധിവാസ കേന്ദ്രങ്ങൾ, ഹാഫ് വേ ഹോമുകൾ തുടങ്ങിയവയുടെയും) പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.<br>(3) മാനസികാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും സംസ്ഥാന സർക്കാരിന് ആവശ്യമായ ഉപദേശം നൽകുക.<br>(4) സംസ്ഥാന സർക്കാരിന്റെ ആവശ്യാനുസ രണം മാനസികാരോഗ്യവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ നടപ്പിലാക്കുക.<br>(5) കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തി ക്കുന്ന മാനസികാരോഗ്യ ചികിത്സാ സ്ഥാപന ങ്ങൾക്ക് ലൈസൻസ് നൽകുക എന്നതും കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ഉത്തര വാദിത്വമാണ്. |
| ബി) | പ്രസ്തുത ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായിട്ടുള്ള പ്രവർത്തനമാണോ അതോറിറ്റി നടത്തുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | ഉണ്ട്.<br>സംസ്ഥാന സർക്കാരിന്റെ ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനും ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ മാനസികാരോഗ്യ വിഷയം കൈകാര്യം ചെയ്യുന്ന അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി സെക്രട്ടറി, തിരുവനന്തപുരം മെഡിക്കൽകോളേജിലെ സൈക്യാട്രി വിഭാഗം മേധാവി, തിരുവനന്തപുരം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ സൂപ്രണ്ട് തുടങ്ങിയ ഔദ്യോഗിക അംഗങ്ങളും ഒരു സൈക്യാട്രിസ്റ്റ്, ഒരു ക്ലിനിക്കൽ സൈക്കോള |

| | | | |
|---|---|---|---|
| | | | ജിസ്റ്റ്, ഒരു സൈക്യാട്രിക് സോഷ്യൽ വർക്കർ, സാമൂഹ്യ നീതിവകുപ്പിന്റെ ഒരു പ്രതിനിധി തുടങ്ങിയ 4 അനൗദ്യോഗിക അംഗങ്ങളും ചേർന്നതാണ് സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി. ടി അതോറിറ്റി വർഷത്തിൽ കുറഞ്ഞത് 2 തവണ എങ്കിലും യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.<br>സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ ഈ അതോറിറ്റി കാര്യക്ഷമമായിപ്രവർത്തിച്ചു വരുന്നു. കേരളസ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിലേക്ക് ലൈസൻസിനായി അപേക്ഷ നൽകിയ 224 സ്ഥാപനങ്ങളിൽ 76 സ്ഥാപനങ്ങൾക്ക് നാളിതുവരെ ചട്ടങ്ങൾക്ക് അനുസൃതമായി ലൈസൻസ് നൽകിയിട്ടുണ്ട്. കൂടാതെ, മറ്റ് 7 സ്ഥാപനങ്ങൾക്ക് കൂടി ലൈസൻസ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളുടെ അപേക്ഷകൾ ലൈസൻസിനായി ഉള്ള നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.<br>2012 - ലെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് രൂപീകരിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടുകൂടി പ്രസിദ്ധീകരിക്കുവാനും നടപ്പിലാക്കുവാനും ആവശ്യമായ സഹായം സംസ്ഥാന സർക്കാരിന് സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി നൽ കിയിട്ടുണ്ട്.<br>കേരള സംസ്ഥാന മാനസികാരോഗ്യ നയം കാലോചിതമായി പരിഷ്ക്കരിച്ച് 2013 - ൽ പ്രസിദ്ധീകരിക്കുന്നതിന് സർക്കാരിന് സഹായം നൽകി.<br>സർക്കാർ നിർദ്ദേശിക്കുന്ന മാനസികാരോഗ്യ പരിപാടികൾ ഏറ്റെടുത്ത് നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | മാനസികാരോഗ്യ മേഖലയിലെ പഠനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.<br><br>സംസ്ഥാനത്തെ ജനങ്ങളെ ബാധിച്ചിട്ടുള്ള മാനസികാരോഗ്യ പ്രശ്നങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി സർക്കാരിന്റെ നിർദ്ദേശാനുസരണം ഒരു സാമൂഹ്യ സർവ്വേ നടത്തി അതിന്റെ റിപ്പോർട്ടും നിരീക്ഷണങ്ങളും സംസ്ഥാന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് മദ്യവും മയക്കമരുന്നും ഉപയോഗിക്കുന്നതുമൂലം മനോരോഗികളാകുന്ന ആളുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | സി) | ഉണ്ട് മദ്യത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു പഠനം നടത്തിയിട്ടുണ്ട് |
| ഡി) | എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ? | ഡി) | പഠനറിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ